നം. KVASU/IDW/B_E/712/2024(5) , തീയതി, 05/11/2024

<u>വാഹനം പാട്ടത്തിന് ആവശ്യമുണ്ട്</u>

വിഷയം:- കേരള വെറ്റിനറി ആന്റ് ആനിമൽ സയൻസസ് സർവകലാശാലയുടെ പൂക്കോട് ഐ.ഡി.വിംഗ് കാര്യാലയത്തിലെ യൂണിവേഴ്സിറ്റി എഞ്ചിനീയർക്ക് ഔദ്യോഗിക കൃത്യനിർവ്വഹണത്തിനായി കൂടുതൽ മൈലേജ് ഉള്ളതും കാർബൺ എമിഷൻ കുറവുള്ളതും 1500 സി.സി. യിൽ കുറയാത്ത എൻജിൻ കപ്പാസിറ്റിയുള്ളതുമായ പുതിയ ഒരു സെഡാൻ ടാക്സി കാർ പാട്ടത്തിന് സ്വീകരിക്കുന്നതിലേക്കായി താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി മത്സരാടിസ്ഥാനത്തിലുള്ള ടെണ്ടർ ക്ഷണിച്ചുകൊള്ളുന്നു.

1. നിരത ദ്രവ്യം-12500/- രൂപ, ദർഘാസ് ഫോമിന്റെ വില 560/- രൂപ.

2. പുതിയ വാഹനം (അവസാന 15 മാസത്തിനുള്ളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്) മൂന്ന് വർഷ കാലയളവ് വരെ പാട്ടത്തിന് നൽകേണ്ടതാണ്.

3. വാഹനത്തിന്റെ വില 14.00 ലക്ഷം രൂപയിൽ കവിയുവാൻ പാടുള്ളതല്ല.

4. ഡ്രൈവറുടെ ശമ്പളം (ആവശ്യമായി വരുന്ന പക്ഷം), രാത്രി തങ്ങുന്നതിനുള്ള ചെലവ്, വാഹനത്തിന്റെ ഇന്ധന/മെയിന്റനൻസ് ചെലവുകൾ മുതലയാവ ഉൾപ്പെടുന്ന വിധത്തിലാണ് പാട്ടത്തുക കണക്കാക്കേണ്ടത്.

5. ടി. വാഹനം സർവ്വകലാശാലയുടെ പൂക്കോട് ക്യാമ്പസിലുള്ള യൂണിവേഴ്സിറ്റി എഞ്ചിനീയർ ടെ ആവശ്യത്തിനായി എല്ലാ പ്രവൃത്തി ദിവസവും അവധി ദിവസങ്ങളിൽ ആവശ്യപ്പെടുന്നത് അനുസരിച്ചും രാവിലെ 9 മണി മുതൽ വൈകീട്ട് 6 മണി വരെ ലഭ്യമാക്കേണ്ടതാണ്.

6.വാഹനം ഓടിക്കുന്ന ഡ്രൈവർക്ക് സ്വീകാര്യമായ ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും ഉണ്ടായിരിക്കണം.

7. വാഹനം ഒരു മാസം കുറഞ്ഞത് 2000 km ഓടേണ്ടതാണെന്ന വ്യവസ്ഥയിൽ ടെണ്ടർ സമർപ്പിക്കേണ്ടതാണ്

8. നിലവിലെ പാട്ടക്കരാർ, കരാർ ഒപ്പ് വച്ച ശേഷം 11 മാസക്കാലയളവ് വരെ ആയിരിക്കും.തൃപ്തികരമായി സേവനം ലഭ്യമാക്കുന്നുവെങ്കിൽ മാത്രമേ പിന്നീട് ഉടമ്പടിയിൽ ഏർപ്പെടുകയുള്ളു

9.സർവ്വകലാശാലയുടെ പേര് എഴുതിയ ഒരു ബോർഡ് വാഹനത്തിനുമുന്നിൽ പ്രദർശിപ്പിക്കേണ്ടതാണ്.

10. സ്ഥിരമായി ഒരു ഡ്രൈവർ മാത്രമേ പാടുളളൂ.

11. ക്വട്ടേഷൻ/ദർഘാസ് ഫോറങ്ങൾ, സാക്ഷ്യപത്രം എന്നിവ സർവ്വകലാശാലാ വെബ് സൈറ്റായ w.w.w.kvasu.ac.in ൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ആയത് ഡൌൺലോഡ് ചെയ്ത് എടുക്കുകയോ യൂണിവേഴ്സിറ്റി എഞ്ചിനീയർ,പൂക്കോട് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് വിംഗിൽ നിന്ന് എല്ലാ പ്രവൃത്തി സമയങ്ങളിലും സ്വീകരിക്കുകയോ ചെയ്യാവുന്നതാണ്.

Approved By SREEJITH. A.V. (UNIVERSITY ENGINEER) on 05/11/2024 03:38 PM
(The document is digitally approved and does not require any Seal or Signature in original)

12. പൂരിപ്പിച്ച ദർഘാസുകൾ കൊറിയർ/രജിസ്റ്റേർഡ് പോസ്റ്റ് മുഖേന അല്ലെങ്കിൽ നേരിട്ട് യൂണിവേഴ്സിറ്റി എഞ്ചിനീയർ, ഐഡി വിംഗ്,പൂക്കോട് ഓഫീസിൽ സമർപ്പിക്കാവുന്നതാണ്.

13. ഇം.എം.ഡി., ടെണ്ടർ കോസ്റ്റ് എന്നിവ ഡി.ഡി. ആയി സ്വീകരിക്കുന്നതല്ല. ഇ.എം.ഡി., ഡെപ്പോസിറ്റ് റസീപ്റ്റ് ആയും ടെണ്ടർ കോസ്റ്റ്, യൂണിവേഴ്സിറ്റി എഞ്ചിനീയർ, ഐഡി വിംഗ്, പൂക്കോട് -ന്റെ ബാങ്ക് അക്കൌണ്ടിലും (അക്കൌണ്ട് നം. 67347815774, ഐ.എഫ്.സി. കോഡ്. SBIN00070192) അടച്ച അസ്സൽ രസീത് ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

14. അനുയോജ്യമായ വാഹനം തിരഞ്ഞെടുക്കുന്നതിന് യൂണിവേഴ്സിറ്റി എഞ്ചിനീയർക്ക് അധികാരമുണ്ടായിരിക്കും .

15. യൂണിവേഴ്സിറ്റിയുടെ എല്ലാ നിബന്ധനകളും ഈ ടെണ്ടറിന് ബാധകമാണ്.

16. ക്വട്ടേഷനുകൾ സമർപ്പിക്കുമ്പോൾ 200/- രൂപയുടെ മുദ്രപ്പത്രത്തിൽ സാക്ഷ്യപത്രം നൽകേണ്ടതാണ്. ക്വട്ടേഷനിൽ അഡ്രസ്, ഫോൺ നമ്പർ, ഇമെയിൽ എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.

17. ക്വട്ടേഷൻ ഉറപ്പിച്ചുകഴിഞ്ഞാൽ 7 ദിവസത്തിനുള്ളിൽ ആവശ്യമായിട്ടുള്ള കരുതൽ തുകയും 200/- രൂപ മുഖവിലയുള്ള മുഖ പത്രവും, മറ്റു രേഖകളും സഹിതം ഈ ഓഫീസിൽ ഹാജരായി പ്രവൃത്തിക്കുള്ള കരാർ ഉടമ്പടി ചെയ്യേണ്ടതാണ്.

18. ക്വട്ടേഷൻ റദ്ദ് ചെയ്യുവാനുള്ള അധികാരം യൂണിവേഴ്സിറ്റി എഞ്ചിനീയർ ഉണ്ടായിരിക്കുന്നതാണ്.

19. വാഹന ഉടമയ്ക്ക് പാൻ നമ്പർ ഉണ്ടായിരിക്കേണ്ടതാണ്.

20. പ്രത്യേക സാഹചര്യത്തിൽ കരാർ ഉടമ്പടി ഇടയ്ക്ക് വച്ച് റദ്ദ് ചെയ്യുന്നതിനുള്ള അധികാരം സർവകലാശാലയ്ക്ക് ഉണ്ടായിരിക്കുന്നതാണ്

21. വാഹന ഉടമയ്ക്ക് മാത്രമേ ടെണ്ടറിൽ പങ്കെടുക്കുവാൻ അനുവാദമുള്ളൂ.

22. ഉടമ്പടി ഒപ്പുവച്ചതിനു ശേഷം എന്തെങ്കിലും രീതിയിലുള്ള അശ്രദ്ധ മൂലമുള്ള ഡ്രൈവിംഗ്, മറ്റു കാരണങ്ങൾ ശ്രദ്ധയിൽ പെട്ടാൽ ഉടമ്പടി റദ്ദ് ചെയുവാൻ യൂണിവേഴ്സിറ്റി എഞ്ചിനീയർക്ക് അധികാരമുണ്ട്

23. ദർഘാസ് ഫോറം നൽകുന്നതിനു മുമ്പായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുകയും പരിശോദിച്ചു തൃപ്തികരമാണെങ്കിൽ മാത്രമേ ദർഘാസ് വിതരണം ചെയ്യുകയുള്ളൂ.

24. പാട്ടത്തുക അനുവദിക്കുമ്പോൾ നിയമപരമായ എല്ലാ നികുതികളും കുറയ്ക്കുന്നതാണ്

ക്വട്ടേഷനുകൾ യൂണിവേഴ്സിറ്റി എഞ്ചിനീയറുടെ പൂക്കോട് ഉള്ള കാര്യാലയത്തിൽ 11.11.2024 തിയ്യതി വൈകുന്നേരം 3 മണിയ്ക്ക് മുമ്പായി ലഭിക്കേണ്ടതാണ്. ടെണ്ടർ അന്നേ ദിവസം വൈകുന്നേരം 3.30 ന് ടെണ്ടർ സമർപ്പിച്ചിട്ടുള്ള വ്യക്തികളുടെയോ അവരുടെ പ്രതിനിധികളുടേയോ സാന്നിധ്യത്തിൽ തുറക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ ഓഫീസിൽ നിന്നോ നേരിട്ടോ 04936 209 291 എന്ന ഫോൺ മുഖാന്തിരമോ ലഭിക്കുന്നതാണ്.



Approved By SREEJITH. A.V. (UNIVERSITY ENGINEER) on 05/11/2024 03:38 PM
(The document is digitally approved and does not require any Seal or Signature in original)

**ശ്രീജിത്ത്. എ.വി.**
**യൂണിവേഴ്സ്റ്റി എഞ്ചിനീയർ**

Approved By SREEJITH. A.V. (UNIVERSITY ENGINEER) on 05/11/2024 03:38 PM
(The document is digitally approved and does not require any Seal or Signature in original)